## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1836 — 07/03/2018-ൽ മറുപടിയ്ക്ക്

## 'ശരണ ബാല്യം' പദ്ധതി

| ചോദ്യം<br>ശ്രീ. പി.കെ ബഷീർ | ഉത്തരം<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ ' ശരണബാല്യം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പിന് കീഴിൽ ഓപ്പറേഷൻ ശരണബാല്യം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) ബാലവേല - ബാലഭിക്ഷാടനം - തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി ജില്ലയുമായി അതിർത്തി പങ്കിടുന്ന സമീപ ജില്ലകളായ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ റെസ്ക്യൂ ഓഫീസർമാരെ നിയമിച്ചുകൊണ്ട് പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ജില്ലകളിൽ ബാലഭിക്ഷാടനത്തിനും ബാലവേലയ്ക്കായും മറ്റ് പല തരത്തിലുള്ള ചൂഷണത്തിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച 39 കുട്ടികളെ രക്ഷപ്പെടുത്തുകയുണ്ടായി. ആലപ്പുഴ ജില്ലയുടെ പരിധിയിൽ ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷൻ പരിസരത്തും കോട്ടയം ജില്ലയിലെ എരുമേലി, അഴുത ഭാഗങ്ങളിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബാലവേലയിലും ഭിക്ഷാടനത്തിലും കുട്ടികൾ ഏർപ്പെടുന്നത് തടയുന്നതിനായി ഉള്ള നടപടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖാന്തിരം സ്വീകരിച്ചിട്ടുണ്ട്. |

ശരണബാല്യം പദ്ധതി പ്രവർത്തനം പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ സാഹചര്യം കണക്കിലെടുത്ത് സാമ്പത്തിക ലാഭത്തിന് ഇതര സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ എത്തിക്കുന്നവർ മറ്റ് ജില്ലകളിൽ കുട്ടികളെ എത്തിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ ബാലവേല - ബാലഭിക്ഷാടനം എന്നിവയ്ക്ക് വിധേയരാകുന്ന കുട്ടികളെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ